പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 743

27.04.2017-ൽ മറുപടിയ്ക്ക്

## മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മുൻ സർക്കാർ അധികാരകാലയളവിൽ മത്സ്യതൊഴിലാളികളെ (മത്സ്യമേഖല മുഴുവനുമായി) സംരക്ഷിക്കുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും എന്തു നടപടികൾ സ്വീകരിച്ചു;എത്ര തുക ഇതിനായി 5 വർഷ കാലയളവിൽ ഉപയോഗിച്ചു എന്നും ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) | ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | മത്സ്യതൊഴിലാളി മേഖലയിൽ "മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് " മുൻ സർക്കാർ അംഗീകരിച്ചതുമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രസ്തുത സർക്കാർ പരിശോധിച്ചിരുന്നുവോ; | (ബി) | ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ തള്ളിക്കളയണമെന്ന് മുൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഈ സർക്കാർ അതു പരിശോധിക്കാനും സംസ്ഥാന മത്സ്യ മേഖലാ തൊഴിലാളികൾക്ക് ഗുണകരമായ പ്രവൃത്തികൾ കൈക്കൊള്ളാനും ഫലപ്രദമല്ലാത്ത മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളാനും കടൽ സമ്പത്ത് സംസ്ഥാനത്ത് ലഭ്യമാക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചതായി അറിവില്ല. ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിനെതിരായി ഉയർന്ന തൊഴിലാളികളുടെയും സംസ്ഥാന സർക്കാരുകളുടെയും പ്രതിഷേധത്തെ തുടർന്ന് ഡോ.എസ്.അയ്യപ്പൻ കമ്മിറ്റിയെ നിയോഗിക്കുകയും പുതിയ സമുദ്രമത്സ്യ ബന്ധന നയം രൂപീകരിക്കുന്നതിനു ടി കമ്മിറ്റി തയ്യാറാക്കിയ ശുപാർശകൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലുമാണ്. സംസ്ഥാന സർക്കാർ ഡോ. എസ് അയ്യപ്പൻ കമ്മിറ്റിയുടെ കരട് റിപ്പോർട്ടിന്മേൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താല്പര്യം മുൻനിറുത്തി അഭിപ്രായം അറിയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ